**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **06-07-2022 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന കൂത്തുപറമ്പിൽ നിർമ്മിക്കുന്ന മജിസ്ട്രേറ്റ് കോടതി സമുച്ചയത്തിനായി സർക്കാർ അനുവദിച്ച 25 കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ഇല്ല. കൂത്തുപറമ്പിൽ നിർമ്മിക്കുന്ന കോടതി സമുച്ചയത്തിന് കിഫ്ബിയിൽ നിന്നും 24.73 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ പ്രാരംഭ ഘട്ടത്തിൽ നിയമാനുസൃതമായ എല്ലാ അനുമതികളും, ലഭ്യമാക്കുകയും അതോടൊപ്പം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലം റവന്യൂ വകുപ്പ് ആഭ്യന്തര വകുപ്പിന് കൈമാറിയ രേഖകൾ ഇല്ലാത്തതിനാൽ അപേക്ഷ നിരാകരിക്കുകയും പിന്നീട് സ്ഥലം സർവ്വേ ചെയ്ത് റവന്യൂ ലാൻറ് സ്കെച്ച് ലഭ്യമാക്കി ആവശ്യമായ രേഖകൾ സഹിതം 9.11.2021-ന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നേടി. തുടർന്ന് കിഫ്ബി മേൽ കെട്ടിടം GRIHA Three Star (Green Rating for Integrated Habitat Assessment) യുടെ റേറ്റിംഗിന് വിധേയമാക്കി നിർമ്മിക്കുന്നതിന് TERI എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും TERI യുടെ പ്രാരംഭ ഘട്ട റിപ്പോർട്ട് 28.12.2021-നും അവസാന ഘട്ട റിപ്പോർട്ട് 1.6.2022-നും ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വളരെയധികം വ്യതിയാനങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. മേൽ വ്യതിയാനങ്ങൾ എല്ലാംതന്നെ പ്രൈസ് സോഫ്റ്റ് വെയറിൽ ഇല്ലാത്തവയും മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടവയുമാണ്. അത്തരത്തിൽ DSR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സം വല്ലതും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ